# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 1009 — 30.06.2015 ലെ മറുപടിക്ക്

### വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷാ വീഴ്ച

**ചോദ്യം**

ശ്രീ. എം. ഉമ്മർ
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
ശ്രീ. സി. മോയിൻ കുട്ടി
ശ്രീ. കെ.എം. ഷാജി

**ഉത്തരം**

ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സന്ദർശകരുടെ എണ്ണം വർദ്ധിച്ചതോടെ അപകടങ്ങളും വർദ്ധിച്ചുവരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എ) ഉണ്ട്.

ബി) എങ്കിൽ വിനോദസഞ്ചാര മേഖലയ്ക്ക് ഹാനിയുണ്ടാക്കുന്ന അപകടങ്ങളും അപകടമരണങ്ങളും ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

ബി) ടൂറിസം മേഖലയിൽ അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പു മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രത്യേക പരിശീലനം സിദ്ധിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കൂടാതെ ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകടസാധ്യത സൂചിപ്പിച്ചു കൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും, വകുപ്പിന്റെ ബ്രോഷറുകളിലൂടെയും, മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തിരവും അപകടസാധ്യതയുള്ള സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാൻമാരാക്കുന്നു. കൂടാതെ ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദ സഞ്ചാരികൾക്ക് "Life Jacket" പോലുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജലയാനങ്ങളിൽ നിരീക്ഷണം നടത്തി ടൂറിസ്റ്റുകൾക്ക് കൂടുതൽ സുരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള House Boat Tracking System നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

(..........2)

സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷാ ക്രമീകരണങ്ങളുടെ അപര്യാപ്തത, അപകട സൂചകങ്ങൾ ഇല്ലാത്ത അവസ്ഥ, സുരക്ഷാ ഉദ്യോഗസ്ഥരുടെ അഭാവവും അലംഭാവവും എന്നിവയൊക്കെ പരിഹരിച്ച് പ്രസ്തുത മേഖല കൂടുതൽ സുരക്ഷിതമാക്കാൻ ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

സി) ടൂറിസം മേഖലയെ കൂടുതൽ സുരക്ഷിതമാക്കാൻ ടൂറിസം വാർഡൻമാരുടെ സേവനം ലഭ്യമാക്കുന്നതിനും പ്രാദേശിക ടൂറിസം നിക്ഷേപകരുടെയും പോലിസിന്റെയും സഹകരണത്തോടെ സെക്യൂരിറ്റി കമ്മിറ്റികൾ രൂപീകരിച്ച് വിനോദസഞ്ചാരികളുടെ സുരക്ഷ കൂടുതൽ ഉറപ്പു വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ടൂറിസം കേന്ദ്രങ്ങൾക്ക് സമീപമുള്ള തദ്ദേശവാസികളെ ഉൾപ്പെടുത്തി 'ജീവൻ രക്ഷാ സന്നദ്ധ സേവകൻ' എന്ന പദ്ധതി നടപ്പിലാക്കുന്നതിനും പുതിയ ടൂറിസം നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. നിലവിലുള്ള ലൈഫ്ഗാർഡുകൾക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻരക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നതാണ്.

വിനോദ സഞ്ചാരികളെ ബാധിക്കുന്ന അടിയന്തിര സാഹചര്യങ്ങളെ നേരിടുന്നതിനായി ആകസ്മികതകളിൽ അടിയന്തിരമായി ഇടപെടാൻ പര്യാപ്തമായ **"കണ്ടിജൻസി റെസ്പോൺസ് സെൽ"** സംസ്ഥാന തലത്തിൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നിർദ്ദിഷ്ഠ ടൂറിസം നയത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.

Anuradhalee

**സെക്ഷൻ ഓഫീസർ**